കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

നം.കെ.എസ്.എ.എം.പി.എം15/259/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തീയതി: 05/03/2019

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in /esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

2)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം.
3)കാര്യാലയ പകർപ്പ്.
എബികെ

നം. കെ.എസ്.എ.എം.പി.എം.15/259/2019

തിയ്യതി:05/03/2019

# മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.2017 മുതൽ 24.01.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ

---

ഓഡിറ്റിന് വിനിയോഗിച്ച സമയം : 25-01-2019 മുതൽ 11-02-2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.അബ്ദുൾ സത്താർ സി പി | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അഷ്റഫ് കെ. പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ബിജേഷ്.എ.എസ് | ഓഡിറ്റർ |

## നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. പി. ജെ. റംല | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. ജെ. ശിവൻകുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ജെ. ശിവൻകുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ശൈലജ എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ. നന്ദകുമാർ. പി | 01.04.2017 മുതൽ 29.10.2017 വരെ |
| | ശ്രീ. വിപിൻ. എൻ. വി | 30.10.2017 മുതൽ 22.01.2018 വരെ |
| | ശ്രീമതി ദീപ്തി. എൽ | 23.01.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ഐസക് ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ. ഉണ്ണികൃഷ്ണൻ. എ. കെ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷീജ. ജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി/സി.എച്ച്.സി) | ഡോ.ദിവ്യ ഉണ്ണികൃഷ്ണൻ | 01.04.2017 മുതൽ 12.03.2018 FN വരെ |
| | ഡോ.ഉമ്മുകുൽസു പറവത്ത് | 12.03.2018 AN മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. അമ്മുണ്ണി. പി | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി ഒ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ | ശ്രീ. പ്രശാന്ത് കരിമ്പിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ. ജിപിൻ. ജി. പി | 01.04.2017 മുതൽ 06.05.2017 FN വരെ |
| | ശ്രീ. ധർമ്മൻ. എൻ. വി | 06.05.2017 AN മുതൽ 24.06.2017 FN വരെ |
| | ശ്രീ. അയ്യൂബ്. ടി | 24.06.2017 AN മുതൽ 17.07.2017 FN വരെ |
| | ശ്രീമതി. പ്രീതി. കെ. | 17.07.2017 AN മുതൽ |

| | | |
|---|---|---|
| | ആർ | 26.08.2017 FN വരെ |
| | ശ്രീ. അബ്ദുൾ മഹ്റൂഫ് | 26.08.2017 AN മുതൽ 31.08.2017 FN വരെ |
| | ശ്രീമതി. രാധിക. പി. എം | 31.08.2017 AN മുതൽ 31.03.2018 AN വരെ |

## ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 13 | കെട്ടിട നിർമ്മാണം - പൊതു അപാകതകൾ | 2-1 | |
| 14 | കെട്ടിട നിർമ്മാണം - ബിൽഡിംഗ് പ്ലാൻ അപാകതകൾ | 2-2 | |
| 15 | ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ | 2-3 | |
| 16 | മൃഗങ്ങൾക്കുള്ള / ഫാമുകൾക്കുള്ള ലൈസൻസുകളുടെ പരിശോധന - അപാകതകൾ | 2-4 | |
| 17 | തൊഴിൽ നികുതി അടവാക്കിയില്ല | 2-5 | |
| 18 | മേഖല തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു | 2-6 | |

| | | | |
|---|---|---|---|
| 19 | ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്തു ഫണ്ടിൽ ലഭ്യമാക്കിയില്ല | 2-7 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 20 | വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല | 3-1 | |
| 21 | പത്താം തരം തുല്യത – കൈപ്പറ്റ് രശീതും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല | 3-2 | |
| 22 | കുടിവെള്ള പദ്ധതികൾക്ക് കുഴിച്ച കുഴൽകിണറുകൾ പ്രയോജനപ്പെടുത്തിയില്ല. | 3-3 | |
| 23 | കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല | 3-4 | |
| 24 | പ്രവൃത്തി അധികം അളവു കാണിച്ച് തുക നൽകി. | 3-5 | |
| 25 | പദ്ധതി പൂർത്തിയാക്കാതെ, ചെയ്ത പ്രവൃത്തിയുടെ തുക നൽകി അവസാനിപ്പിച്ചു. | 3-6 | |
| 26 | മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. | 3-7 | |
| 27 | കമ്പ്യൂട്ടർ വാങ്ങി ഒരുവർഷത്തിലധികം ഇഷ്യൂ ചെയ്യാതെ പെട്ടിയിൽ സൂക്ഷിച്ചു. | 3-8 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ /വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| അനുബന്ധം | | | |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 39 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 2 | |
| 40 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 3 | |
| 41 | ബാലൻസ് ഷീറ്റ് | 4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/തിയ്യതി | 1/24-03-2017 |
| പുതുക്കിയ ബജറ്റ് തീരുമാന നമ്പർ/തിയ്യതി | 1/26-03-2018 |

## 1-2 വാർഷികധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 08.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | വാർഷിക കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 മുതൽ 23.06.2018 വരെ. | കെ.എസ്.എ.എം.പി.എം 15/1729 /2018/05.07.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22346340 |
| വരവ് | 53968288 |
| ആകെ | 76314628 |
| ചെലവ് | 65008769 |
| നീക്കിബാക്കി | 11305859 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 14061000 | 14061000 | 12064126 | 1996874 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 5129865 | 5129865 | 4343737 | 786128 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 5056000 | 5056000 | 2994394 | 2061606 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 3182000 | 3182000 | 2215884 | 966116 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ACR പ്രകാരം) | 0 | 6603068 | 6603068 | 6579819 | 23249 |
| കെ.എൽ.എസ്.ജി.ഡി.പി-State (ACR പ്രകാരം) | 0 | 176760 | 176760 | 120306 | 56454 |
| കനറാ ബാങ്ക് (TSC) | 459152 | 1923223 | 2382375 | 520507 | 1861868 |
| എൻ.ആർ.ഇ.ജി.എസ് | 5050 | 7364448 | 7369498 | 7363639 | 5859 |
| കനറാ ബാങ്ക് (സാക്ഷരത) | 36648 | 1409 | 38057 | 0 | 38057 |
| കനറാ ബാങ്ക് (Water Supply) | 1165103 | 44793 | 1209896 | 0 | 1209896 |
| എസ്.ബി.ടി തിരൂരങ്ങാടി (SSA) | 172211 | 6424 | 178625 | 0 | 178625 |
| തനത് ഫണ്ട് – ബാങ്ക് അക്കൗണ്ട് (SBT Zero Balance, Canara Bank, PSCB) | 4792828 | 7071111 | 11863939 | 6382078 | 5481861 |
| തനത് ഫണ്ട് – ട്രഷറി അക്കൗണ്ട് | 15613004 | 12600809 | 28213813 | 27452090 | 761723 |
| ജോയിന്റ് വെഞ്ചർ (ബ്ലോക്ക് പഞ്ചായത്ത്) | 0 | 1797500 | 1797500 | 536450 | 1261050 |
| ജോയിന്റ് വെഞ്ചർ (ജില്ലാ പഞ്ചായത്ത്) | 0 | 851500 | 851500 | 351500 | 500000 |
| ബി ഫണ്ട് | 0 | 39466020 | 39466020 | 39466020 | -- |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 163 | 66110948 | 98 | 37215320 | 0 | 65 | 60.12% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5050 | 397109 | 402159 | 396300 | 5859 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 6967339 | 6967339 | 6967339 | 0 |

| | | | | | |
|---|---|---|---|---|---|
| നൽകുന്നത് | | | | | |

(കുറിപ്പ് : ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയായി വാർഷിക റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് 8956668/- രൂപയാണ്. ടി തുക മെറ്റീരിയൽ കോസ്റ്റ് ഉൾപ്പെടെയുള്ളതാണ്)

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27720 | 50 |
| കർഷകതൊഴിലാളി പെൻഷൻ | 2576100 | 213 |
| വിധവാപെൻഷൻ | 12195900 | 1018 |
| വാർദ്ധക്യകാലപെൻഷൻ | 19127100 | 1429 |
| വികലാംഗപെൻഷൻ | 4966200 | 406 |
| വിവാഹ ധനസഹായം | 370000 | 13 |
| 50 വയസിനുമുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 157000 | 18 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-01-2019 -ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. തലേ ദിവസത്തെ കളക്ഷനായ 20,232/- രൂപ ബാങ്കിൽ അടവാക്കിയിരുന്നതിനാൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

1. അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ എന്നിവർ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ, ചട്ടം 16(1) പ്രകാരമുള്ള സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. അസിസ്റ്റന്റ് എഞ്ചിനീയർ, മെഡിക്കൽ ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3. ഗ്രാമപഞ്ചായത്ത് ഓഫീസിൽ റെക്കോർഡ്-റൂം നിലവിലില്ല. ഇത് ഫയലുകൾ വ്യവസ്ഥാപിതമായ ക്രമത്തിൽ സൂക്ഷിക്കുന്നതിന് സാധ്യമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2019 | 01.12.2018 മുതൽ 31.12.2018 വരെ. | 18-01-2019 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.18 മുതൽ 21.03.18 വരെ | 2012 – 13 മുതൽ 2016 -17 വരെ. | 02-07-2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

1. ഗ്രാമപഞ്ചായത്തിന്റെ കനറാ ബാങ്ക് (Water Supply), എസ്.ബി.ടി തിരൂരങ്ങാടി (SSA) എന്നീ അക്കൗണ്ടുകൾ വരവോ, ചെലവോ ഇല്ലാതെ നിഷ്ക്രിയ അക്കൗണ്ടുകളായി നിലനിൽക്കുകയാണ്. 2017-18 – ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈ അക്കൗണ്ടുകളിൽ യഥാക്രമം 1209896/- രൂപ, 178625/- രൂപ നീക്കിയിരിപ്പുണ്ട്.

2. 2017-18 – ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്ത് യുവ ക്രീഡാ ഖേൽ അഭിയാൻ (PYCKA) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ടിനത്തിൽ 5,10,000/- രൂപ വർഷങ്ങളായി നീക്കിയിരിപ്പുണ്ട്. ഗ്രാമപഞ്ചായത്തിന്റെ തനത് അക്കൗണ്ടിൽ (ട്രഷറി ടി.എസ്.ബി) നിക്ഷേപിച്ചിരിക്കുന്ന ടി തുക അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി ചെലവഴിച്ചിട്ടില്ല.

3. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 ൽ നിർദ്ദേശിക്കപ്പെട്ട വിധം അനുപാതങ്ങൾ, പ്രധാന അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ AFS -നോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണം - പൊതു അപാകതകൾ

2017-18 വർഷം കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഭൂരിപക്ഷം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതിയില്ലാതെ നിർമ്മാണം ആരംഭിച്ച് പിന്നീട് ക്രമവൽക്കരിക്കപ്പെടുന്നു

2017-18-ലെ പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ അപേക്ഷകളുടെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തൻ വർഷത്തെ ആകെ അപേക്ഷകൾ | 428 |
| പെർമിറ്റ് നൽകിയത് | 165 |
| ക്രമവൽക്കരിച്ചത് | 251 |
| തീർപ്പാക്കാത്തത് | 12 |

പട്ടികയിൽ സൂചിപ്പിച്ച പോലെ 2017-18-ൽ നൽകിയ നിർമ്മാണ പെർമിറ്റുകളേക്കാൾ കൂടുതലാണ് ക്രമവത്കരിച്ചു നൽകിയ നിർമ്മാണങ്ങൾ. ഇത് സൂചിപ്പിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഭൂരിഭാഗം കെട്ടിടങ്ങളും പഞ്ചായത്തിന്റെ അനുമതി കൂടാതെ നിർമ്മാണം ആരംഭിക്കുകയോ/പൂർത്തീകരിക്കുകയോ ചെയ്ത ശേഷം ക്രമവൽക്കരിക്കുകയാണ് എന്നാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ, ചട്ടം 4 പ്രകാരം ഏതൊരാളും സെക്രട്ടറിയിൽ നിന്നും പെർമിറ്റ് ലഭ്യമാക്കാതെ കെട്ടിടം നിർമ്മിക്കുകയോ, പുനർനിർമ്മിക്കുകയോ ചെയ്യാൻ പാടുള്ളതല്ല. ആ നിലക്ക് മേൽ പ്രവൃത്തി ചട്ടലംഘനമായി കണക്കാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ നിർമ്മാണങ്ങളേയും പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ

കൊണ്ടുവരേണ്ടതാണ്.

2. നഞ്ച ഭൂമിയിലെ നിർമ്മാണങ്ങൾ സംബന്ധിച്ച്

22.12.2016-ലെ നം. 994733/ആർ.എ.1/2016/തസ്വഭവ സർക്കുലർ പ്രകാരം, റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തുകയും എന്നാൽ ഡാറ്റാ ബാങ്കിൽ (12.08.2008-ന് നിലവിൽ വന്ന കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം) ഉൾപ്പെടാത്തതുമായ ഭൂമിയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന ടീം സന്ദർശനം നടത്തി മേൽ ഭൂമി 12.08.2008-നു മുമ്പ് നികത്തപ്പെട്ടതാണെന്ന് ഉറപ്പ് വരുത്തി നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതിനായി ശിപാർശ ചെയ്യാൻ അധികാരം നൽകിയിരുന്നു. എന്നാൽ 31.12.2017-മുതൽ പ്രാബല്യത്തിൽ വന്ന 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം പ്രകാരം മേൽപറഞ്ഞ നടപടിക്രമം അസാധുവാകുകയും, ഈ തരത്തിൽപെട്ട ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തി അനുമതി നൽകാനുള്ള അധികാരം ആർ.ഡി.ഒ-ൽ നിക്ഷിപ്തമാക്കുകയും ചെയ്തു. എന്നാൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 30.05.2018, 21.11.2018എന്നീ തീയ്യതികളിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, കൃഷി ഓഫീസർ, വില്ലേജ് ഓഫീസർ എന്നിവരടങ്ങുന്ന നഞ്ച കമ്മിറ്റി യോഗം ചേരുകയും, കെട്ടിട നിർമ്മാണങ്ങൾക്കുള്ള അനുമതി നൽകുകയും ചെയ്തതായി കാണുന്നു. ഗ്രാമപഞ്ചായത്തിന്റെ ഈ നടപടി മേൽ സൂചിപ്പിച്ച നിയമത്തിന്റെ ലംഘനമാണ്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 01/01.02.19 – ന് മറുപടി ലഭിച്ചിട്ടില്ല.

## 2-2 കെട്ടിട നിർമ്മാണം - ബിൽഡിംഗ് പ്ലാൻ അപാകതകൾ

2017-18 വർഷം കെട്ടിട നിർമ്മിക്കുന്നതിന് പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി

1. കെട്ടിടത്തിന് വേണ്ടത്ര പാർക്കിംഗ് സ്പേസ് ഇല്ല

ഫയൽ നം. 5883/17 പ്രകാരം വാർഡ് 11-ലെ നിർമ്മാണം പൂർത്തിയായ വാണിജ്യ കെട്ടിടത്തിന് 15.11.17-തീയ്യതിയിൽ 465A മുതൽ 465F വരെയുള്ള നമ്പറുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അപേക്ഷയോടൊപ്പം സമർപ്പിച്ച കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം ഈ കെട്ടിടത്തിന് വേണ്ടത്ര പാർക്കിംഗ് സ്പേസ് കൊടുത്തിട്ടില്ല (2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 38, പട്ടിക 4B പ്രകാരം). വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിടത്തിന്റെ ആകെ കാർപ്പെറ്റ് വിസ്തീർണ്ണം | 171 ച. മീ. |
| കെട്ടിടത്തിന് വേണ്ട കാർ-പാർക്കിംഗ് (ഓരോ 75 ചതുരശ്ര മീറ്ററിനും ഒന്ന് എന്ന തോതിൽ) | 171/75 = 2.23 ~ 3 |
| കെട്ടിടത്തിന്റെ സർവ്വീസ് പ്ലാൻ പ്രകാരം ലഭ്യമാക്കിയിട്ടുള്ളത് | 2 |

മേൽ സൂചിപ്പിച്ച പട്ടിക പ്രകാരം ഈ കെട്ടിടത്തിന് ഒരു പാർക്കിംഗ് യൂണിറ്റിന്റെ കുറവുണ്ട്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 02/01.02.19 – നുള്ള മറുപടിയിൽ ഈ അപാകത പരിഹരിക്കാം എന്ന് അറിയിച്ചിട്ടുണ്ട്.

2. കെട്ടിടത്തിന്റെ ഇടത് വശത്തുള്ള തുറസ്സായ സ്ഥലം കുറവ്

(പെർമിറ്റ് നം. 177/ 2017-18, ഫയൽ നം. 1432/18 - പെരുവള്ളൂർ വില്ലേജിലെ സർവ്വേ നം. 260/10 സ്ഥലത്ത് ശ്രീ. ചെമ്പൻ മുഹമ്മദ് ഹനീഫ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ

കെട്ടിടത്തിനുള്ള പെർമിറ്റ്)
അനുവദിച്ചിരിക്കുന്ന പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ ഉയരം 7.2 മീറ്റർ ആണ് (സ്റ്റെയർ റൂം ഉൾപ്പെടെയാണെങ്കിൽ 9.4 മീറ്റർ). 10 മീറ്റർ വരെ ഉയരമുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് വശങ്ങളിൽ 1.2 മീറ്ററും 1 മീറ്ററും ഉള്ള തുറസ്സായ സ്ഥലങ്ങൾ ഉണ്ടാവേണ്ടതാണ്. എന്നാൽ ടി കെട്ടിടത്തിന് ഇടത് വശത്തുള്ള തുറസ്സായ സ്ഥലം 0.6 മീറ്റർ മാത്രമാണ്. പ്ലോട്ടിന്റെ അതിരിന് ചേർന്നുള്ള നിർമ്മാണത്തിന് തടസ്സമില്ല എന്ന് തൊട്ടടുത്തുള്ള പ്ലോട്ടിലെ ഉടമസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും, 7 മീറ്ററിൽ കൂടുതൽ ഉയരമുള്ള കെട്ടിടങ്ങൾക്ക് ഇതിന്റെ അടിസ്ഥാനത്തിലുള്ള ഇളവ് ബാധകമല്ല. ഈ അപാകത പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 02/01.02.19 – നുള്ള മറുപടിയിൽ ബിൽഡിംഗ് പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ഉയരം 6.9 മീറ്റർ ആണെന്നും ഇതിന്റെ അടിസ്ഥാനത്തിലാണ് പ്ലാൻ അംഗീകരിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയ പെർമിറ്റ് പ്രകാരം കെട്ടിടത്തിന്റെ ഉയരം 7.2 മീറ്റർ എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അസി. എഞ്ചിനീയർ അംഗീകരിച്ച പ്ലാൻ പ്രകാരമാണ് പെർമിറ്റ് നൽകുന്നത് എന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് പരിശോധന - അപാകതകൾ

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ ഡി & ഒ ലൈസൻസ് നൽകിയതിന്റെ സംക്ഷിപ്തം ചുവടെ കൊടുക്കുന്നു

| | |
|---|---|
| ആകെ നൽകിയ ലൈസൻസുകൾ | 298 |
| 2017-18 വർഷത്തിൽ പുതിയതായി അനുവദിച്ചത് | 90 |
| പുതുക്കി നൽകിയത് | 208 |
| 2016-17 വർഷത്തിൽ ആകെ അനുവദിച്ച ലൈസൻസുകൾ | 289 |

പരിശോധനയിൽ ബോധ്യപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1. ഗ്രാമപഞ്ചായത്ത് പരിധിയിൽപെട്ട എല്ലാ സ്ഥാപനങ്ങളും ഡി&ഒ ലൈസൻസ് നേടുന്നില്ല

മേൽ പട്ടികയിൽ സൂചിപ്പിച്ച പോലെ 2016-17 വർഷത്തിൽ 289 ലൈസൻസുകളും, 2017-18 വർഷത്തിൽ 298 ലൈസൻസുകളും നൽകിയിട്ടുണ്ട്. ഇതു കൂടാതെ 90 പുതിയ ലൈസൻസുകളും 2017-18 വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ ലൈസൻസ് നേടിയ എല്ലാ സ്ഥാപനങ്ങളും തങ്ങളുടെ ലൈസൻസ് പുതുക്കുന്നില്ല എന്നാണ് ഇത് സൂചിപ്പിക്കുന്നത്. ഈ വസ്തുത പരിശോധിക്കേണ്ടതാണ്.

2. പുതിയതായി നൽകുന്ന ലൈസൻസുകൾ പ്രത്യേകമായി രേഖപ്പെടുത്തുന്നില്ല

സ്ഥാപനങ്ങൾ ലൈസൻസ് പുതിയതായി നേടുമ്പോൾ അല്ലെങ്കിൽ പുതുക്കുമ്പോൾ ആ വസ്തുത വ്യക്തമായി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2017-18 ലെ ഡി & ഒ രജിസ്റ്ററിൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടില്ല. ഇതു കാരണം ലൈസൻസ് പുതിയതായി അനുവദിച്ചതാണോ അല്ലെങ്കിൽ പുതുക്കി നൽകിയതാണോ എന്നറിയാനുള്ള സംവിധാനമില്ല.

3. ഡി & ഒ ലൈസൻസുകൾ പുതുക്കുന്നതിന് കാലതാമസം നേരിടുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു

വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിസവത്തിന് മുമ്പായി സമർപ്പിക്കേണ്ടതും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പ് ലൈസൻസ് പുതുക്കി നൽകേണ്ടതുമാണ്. എന്നാൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ പ്രദേശത്ത് പല സ്ഥാപനങ്ങളും വളരെ വൈകിയാണ് ലൈസൻസ് പുതുക്കുന്നത്. വിശദാംശങ്ങൾ പട്ടികയിൽ കൊടുക്കുന്നു.

| | |
|---|---|
| ആകെ പുതുക്കി നൽകിയ ലൈസൻസുകൾ | 208 |
| 31.03.2017 മുമ്പ് പുതുക്കിയത് | 59 |
| 01.07.2017 – ന് ശേഷം പുതുക്കിയത് | 59 |
| 01.07.2017 – ന് ശേഷം പുതുക്കിയത് | 26 |

01.07.2017 – ന് ശേഷം ലൈസൻസ് പുതുക്കിയ സ്ഥാപനങ്ങളിൽ 6 – എണ്ണം ഭക്ഷ്യ വസ്തുക്കൾ സംഭരിക്കുകയോ, വിൽക്കുകയോ ചെയ്യുന്ന ഹോട്ടൽ / ബേക്കറി തരത്തിൽ പെട്ട സ്ഥാപനങ്ങളാണ്. ഇത്തരം സ്ഥാപനങ്ങളിൽ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പരിശോധന നടത്തി യഥാസമയം ലൈസൻസ് പുതുക്കി നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 17/08.02.19 – ന് മറുപടി ലഭിച്ചിട്ടില്ല.

## 2-4 മൃഗങ്ങൾക്കുള്ള / ഫാമുകൾക്കുള്ള ലൈസൻസുകളുടെ പരിശോധന - അപാകതകൾ

1. കന്നുകാലി ഫാം / അറവ് ശാല അനധികൃതമായി പ്രവർത്തിക്കുന്നു

പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് കാര്യാലയത്തോട് തൊട്ടടുത്തായി കന്നുകാലികളെ വളർത്തുകയും, കശാപ്പ് ചെയ്യുകയും, വിൽക്കുകയും ചെയ്യുന്ന ഒരു സ്വകാര്യ സ്ഥാപനം പ്രവർത്തിക്കുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തുടരന്വേഷണത്തിൽ 1955 മുതൽ പ്രവർത്തിച്ചു വരുന്ന ടി സ്ഥാപനം നിലവിൽ ലൈസൻസ് ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്.
2012-ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 8 പ്രകാരം അഞ്ച് മൃഗങ്ങളിൽ കൂടുതലുള്ള നിലവിൽ പ്രവർത്തിക്കുന്ന എല്ലാ ഫാമുകളും, ചട്ടങ്ങൾ നിലവിൽ വന്ന് 6 മാസത്തിനകം ലൈസൻസ് നേടേണ്ടതാണ്. 1998-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം, കശാപ്പുശാല, ആൾപാർപ്പുള്ള വാസസ്ഥലത്തിന്റെ 90 മീറ്റർ പരിധിക്കുള്ളിലോ, പൊതുനിരത്തിൽ നിന്നും 30 മീറ്റർ ദൂരപരിധിക്കുള്ളിലോ ആകാൻ പാടില്ലാത്തതാകുന്നു. ആ നിലക്ക് മേൽപറഞ്ഞ സ്ഥാപനം പ്രവർത്തിക്കുന്നത് ചട്ടങ്ങൾക്ക് വിരുദ്ധമായാണ്. ടി സ്ഥാപനത്തിന്റെ പ്രവർത്തനം ചട്ടവിധേയമാക്കി, ഗ്രാമപഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം തന്നെ പൊതുജനങ്ങളുടെ ആരോഗ്യം ഉറപ്പ് വരുത്തുന്ന നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 മുതൽ 2016-17 വരെയുള്ള ഏ.ജി. റിപ്പോർട്ടിലും (നം. എൽ.ബി.എ(എച്ച്.ക്യൂ)III/II/8A-1/2018-19 തീ. 10.05.2018) പരാമർശമുണ്ട്.

2. ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വീടുകളിലുള്ള വളർത്തു നായ്ക്കൾക്ക് ലൈസൻസ് നേടുന്നില്ല

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ വളർത്തു നായ്ക്കൾക്കായി 9 ലൈസൻസുകൾ അനുവദിച്ചതായി ബന്ധപ്പെട്ട രജിസ്റ്റർ, വാർഷിക ധനകാര്യ പത്രിക എന്നിവ സൂചിപ്പിക്കുന്നു. എന്നാൽ വെറ്ററിനറി സർജനിൽ നിന്നും ലഭ്യമായ വിവരം പ്രകാരം പേവിഷ

നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി പെരുവള്ളൂർ വെറ്ററിനറി ഡിസ്പെൻസറിയിൽ നിന്നും 2017-18 വർഷത്തിൽ 22 ആന്റി-റാബീസ് കുത്തിവെപ്പുകൾ നൽകപ്പെട്ടു എന്നാണ്.

ഇതു സൂചിപ്പിക്കുന്നത് ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വീടുകളിൽ വളർത്തുന്ന പട്ടികളുടെ ഉടമസ്ഥർ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടുന്നില്ല എന്നതാണ്. 1998-ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും, പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പന്നികളേയോ, പട്ടികളേയോ വളർത്തുന്നതിനോ, കൈവശം വയ്ക്കുന്നതിനോ അതിന്റെ ഉടമസ്ഥർ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് നേടേണ്ടതാണ്. ഇതു സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനമെടുക്കേണ്ടതും ടി തീരുമാനം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച് വെറ്ററിനറി ഡിസ്പെൻസറിയുടെയും, പഞ്ചായത്തിലെ രജിസ്ട്രേഷൻ പ്രവർത്തികളും ഏകോപിപ്പിക്കേണ്ടതാണ്.

ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 18/08.02.19 – ന് മറുപടി ലഭിച്ചിട്ടില്ല.

## 2-5 തൊഴിൽ നികുതി അടവാക്കിയില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ കുറഞ്ഞത് 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും പഞ്ചായത്തിലേക്ക് തൊഴിൽ നികുതി അടക്കേണ്ടതാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ ഇപ്രകാരം നികുതി അടവാക്കിയിട്ടില്ല.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | സ്ഥാപനം | ജോലിയിൽ പ്രവേശിച്ച തീയ്യതി | കുറിപ്പ് |
|---|---|---|---|---|
| 1 | വിദ്യ പി. എം, യു.പി.എസ്.എ | ജി.എച്ച്.എസ്.എസ് പെരുവള്ളൂർ | 27.07.2017 | 2017-18 തൊഴിൽ നികുതി ഒന്നാം ഗഡു അടവാക്കിയിട്ടില്ല |
| 2 | അഞ്ജലി പി. എം, യു.പി.എസ്.എ | ഐ.എസ്.എം. യു. പി. സ്കൂൾ | 08.06.2017 | - ടി - |
| 3 | ഷബ്ന കെ, യു.പി.എസ്.എ | ഐ.എസ്.എം. യു. പി. സ്കൂൾ | 12.06.2017 | - ടി - |

പട്ടികയിൽ സൂചിപ്പിച്ച ജീവനക്കാർ അവരുടെ സ്ഥാപനങ്ങളിൽ 2017-18 വർഷത്തിന്റെ ഒന്നാം പകുതിയിൽ (01/04/17 മുതൽ 30/09/17 വരെ) 60 ദിവസത്തിലേറെ ജോലി ചെയ്തിട്ടുണ്ടെങ്കിലും, ഈ കാലയളവിലേക്കുള്ള തൊഴിൽ-നികുതി അടവാക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 19/11.02.19 – ന് മറുപടി ലഭിച്ചിട്ടില്ല.

## 2-6 മേഖല തെറ്റായി രേഖപ്പെടുത്തി - വസ്തു നികുതി ഈടാക്കിയതിൽ കുറവ് വന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ കെട്ടിടങ്ങൾക്ക് വസ്തുനികുതി കണക്കാക്കിയപ്പോൾ പ്രഥമ മേഖലയിൽ വരുന്ന കെട്ടിടങ്ങളെ ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി വസ്തു നികുതിയിൽ ഇളവനുവദിച്ചു. ഇതു കാരണം കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ ആകെ അടിസ്ഥാന വസ്തു നികുതി | ദ്വിതീയ മേഖലയുടെ അടിസ്ഥാനത്തിൽ അനുവദിച്ച ഇളവ് (10%) |
|---|---|---|---|
| 1 | 5/316A മുതൽ 5/316F വരെയുള്ള 6 മുറികൾ | 6837 | 684 |
| 2 | 6/432A മുതൽ 6/432L വരെയുള്ള 12 മുറികൾ | 2697 | 270 |
| | | ആകെ | 954 |

മേൽപറഞ്ഞ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വസ്തു നികുതി ബൈലോ പ്രകാരം പ്രഥമ മേഖലയിലാണ് വരുന്നത്. എന്നാൽ ദ്വിദീയ മേഖല എന്ന് രേഖപ്പെടുത്തി അടിസ്ഥാന വസ്തുനികുതിയിൽ പത്ത് ശതമാനം ഇളവ് നൽകിയിട്ടുണ്ട്. ഇതിന് വിശദീകരണം നൽകേണ്ടതാണ്.

മേൽപറഞ്ഞ തുക അധിക വസ്തുനികുതിയായി (ലൈബ്രറി സെസ് ഉൾപ്പെടെ) കെട്ടിട ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ടി കെട്ടിടങ്ങളുടെ വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതാണ്. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം നം. 03/01.02.19 – ന് മറുപടി ലഭിച്ചിട്ടില്ല.

## 2-7 ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കിയില്ല.

2017-18 വർഷത്തിൽ പെരുവള്ളൂർഗ്രാമ പഞ്ചായത്ത് അഞ്ചിലധികം പ്രവൃത്തികൾ E-Tender ചെയ്തിട്ടുണ്ട്. (ടെണ്ടർ രജിസ്റ്ററിൽ വിവരം ശരിയായി രേഖപ്പെടുത്താത്തതിനാൽ കൃത്യമായ എണ്ണം ലഭ്യമല്ല.) ഇവയുടെ ടെണ്ടർ ഫോറം വില പഞ്ചായത്ത്ഫണ്ടിൽ വരവ് വന്നിട്ടുണ്ടോ എന്നും, ഇല്ലെങ്കിൽ പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

(ഓഡിറ്റ് എൻക്വയറി നം.16/8-2-19 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭിച്ചിട്ടില്ല.)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വൗച്ചറുകളുടെ കൂടെ അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

സെക്രട്ടറിയുടെ താഴെ പറയുന്ന വൗച്ചറുകളുടെ കൂടെ അനുബന്ധരേഖകൾ സൂക്ഷിച്ചിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ / തീയതി | തുക | ചെലവിനം | റിമാർക്സ് |
|---|---|---|---|---|
| 1 | 21700094/ 30-05-17 | 10,000 | ഗ്രീഷ്മോത്സവം നടത്തുന്നതിന് വി.ഇ.ഒ | മുൻകൂർ ക്രമീകരിച്ചതിന്റെ |

| | | | | |
|---|---|---|---|---|
| | | | ക്ക് മുൻകൂർനൽകിയത് | വിവരമില്ല |
| 2 | 21700140/ 20-06-17 | 2,33,680 | 16-17 -ലെ ലൈബ്രറി സെസ്സ് അടവാക്കിയത് | തുകയുടെ കൈപ്പറ്റ് ലഭ്യമാക്കിയിട്ടില്ല |
| 3 | 21700285/ 16-09-17 | 1,40,590 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി മെഡിക്കൽ ഓഫീസർ (PHC) ക്ക് അനുവദിച്ച തുക | വൗച്ചർ, പ്രവൃത്തി പൂർത്തീകരണ/ തുക വിനിയോഗ വിവരമില്ല |
| 4 | 21700712/ 31-03-18 | 6,000 | ശ്രീമതി.ശൈലജ, സീനിയർ ക്ലാർക്കിന്റെ ഓണം അഡ്വാൻസ് റിക്കവറിയിനത്തിൽ പിടിച്ച തുക, പനങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറാനുള്ളത്. | പനങ്ങാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. |
| 5 | 21700714/ 31-03-18 | 3,000 | ശ്രീ.വിജയകുമാർ സീനിയർ ക്ലാർക്കിന്റെ ഓണം അഡ്വാൻസ് റിക്കവറിയിനത്തിൽ പിടിച്ച തുക, നൂറനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറാനുള്ളത് | നൂറനാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല |
| ആകെ | | 3,93,270 | | |

മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിനായി ഹാജരാക്കാനാവശ്യപ്പെട്ട് 05-02-2019 -ന് നൽകിയ 8 -ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ചെലവ് തുക 3,93,270 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-2 പത്താം തരം തുല്യത - കൈപ്പറ്റ് രശീതും, വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കിയില്ല

ഹെഡ് മാസ്റ്റർ നിർവ്വഹിച്ച പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പത്താം തരം തുല്യതാ പദ്ധതിക്കായി 100 ഗുണഭോക്താക്കൾക്ക് 1500 രൂപ എന്ന കണക്കിൽ ആകെ 1,50,000/- രൂപ സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | ട്രഷറി ബിൽ / ചെക്ക് നം. | തുക |
|---|---|---|---|
| 1 | S0009/17-18 (SO) | 08/17-18 (General), തീ. 24.03.18 | 50000 |
| 2 | S0010/17-18 (New) | തനത് ഫണ്ട് (ചെക്ക് വിശദാംശങ്ങൾ ലഭ്യമാക്കിയില്ല) | 50000 |

| | | | |
|---|---|---|---|
| | | ബ്ലോക്ക് ഷെയർ (ചെക്ക് നം. 2673433, തീ. 28.03.18) | 50000 |
| | | ആകെ | 1,50,000 |

എന്നാൽ ടി തുക സാക്ഷരതാ മിഷനിൽ ലഭിച്ചതിന്റെ കൈപ്പറ്റ് രശീതിയും, പദ്ധതിക്കായി ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രവും ബന്ധപ്പെട്ട ഫയലുകളിൽ ഉള്ളടക്കം ചെയ്തിട്ടില്ല. ഈ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-3 കുടിവെള്ള പദ്ധതികൾക്ക് കുഴിച്ച കുഴൽകിണറുകൾ പ്രയോജനപ്പെടുത്തിയില്ല.

| പ്രോജക്റ്റ്നം. | പേര് | തുക | തിയ്യതി | എണ്ണം |
|---|---|---|---|---|
| 53/18 | 2,3,4,5,6 വാർഡുകളിലെ മിനി കുടിവെള്ള പദ്ധതികൾക്ക് കുഴൽകിണർ | 1,69,410 | 8/11/17 | 5 |
| 54/18 | 9,10,18,19 --,,,--- | 1,72,390 | 8/11/17 | 4 |
| 55/18 | 7,11, 13, 15, 16, 17--,,,--- | 2,49,230 | 8/11/17 | 6 |
| 56/18 | 8,14 --,,-,,, | 83,200 | 8/11/17 | 2 |
| 57/18 | 1,12, ---,,-- | 87,500 | 8/11/17 | 2 |
| | ആകെ | 7,61,730 | | 19 |

1) ഓരോ വാർഡുകളിലേക്കും ഓരോ കുഴൽകിണറുകൾ കുഴിച്ച് 1-7-17 -ൽ അവസാന അളവെടുത്ത് മൂടിയിട്ട് വച്ചിരിക്കുകയാണ്. നാളിതു വരെയായി ഇതിൽ നിന്നും പൊതുജനങ്ങൾക്ക് വെള്ളം നൽകിയിട്ടില്ല.

2) സെക്രട്ടറിയുടെ 14-2-17ലെ എ2-2515/17 നമ്പർ കത്തു പ്രകാരം ഭൂജല വകുപ്പിന്റെ ജില്ലാ ഓഫീസറോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജി.എം./379/17 തി: 29-3-17 നമ്പരിൽ 19 വാർഡുകളിലെ കുഴൽകിണറുകൾക്കും പ്രത്യേകം പ്രത്യേകമായി ഭൂജല സർവേ റിപ്പോർട്ടും എസ്റ്റിമേറ്റും അയക്കുമ്പോൾ, കിണർ കുഴിക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ഗ്രാമ പഞ്ചായത്തിന് സറണ്ടർ ചെയ്യണമെന്ന് നിർദ്ദേശിച്ചിരുന്നെങ്കിലും അപ്രകാരം ചെയ്തതായി കാണുന്നില്ല.

3) കിണറുകൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ രേഖകൾ ഇല്ല.

4) വ്യത്യസ്ത വാർഡുകളിലെ ഒന്നിലധികം കിണറുകൾ കുഴിക്കാനുള്ള പ്രവൃത്തികൾ 5 പ്രൊജക്ടുകളായി തയ്യാറാക്കിക്കാണുന്നു. എന്നാൽ ഇവ അഞ്ചും ഒരേ ഇനമായതിനാൽ ഇ-ടെണ്ടർ പരിധി ഒഴിവാക്കാനായി വിഭജിച്ചതും ക്രമത്തില്ല.

5) 2016-17-ൽ തയ്യാറാക്കിയ ഈ പ്രൊജക്ടുകൾ സ്പിൽ ഓവറായിട്ടാണ് 2017-18-ൽ നിർവഹിച്ചിട്ടുള്ളത്. ഇതേ പ്രൊജക്ടുകൾക്ക് ടാങ്കും പമ്പ് ഹൗസും നിർമിക്കാൻ യഥാക്രമം 58/18, 59/18, 60/18, 61/18, 62/18 ആയി സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും, ആയത് നിർവഹണം നടത്താൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല. നടപ്പു വർഷവും ഇതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

പദ്ധതികൾ പ്രയോജനപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമാക്കുകയും മറ്റു അപാകതകൾ പരിഹരിക്കുകയും ചെയ്യുന്നതു വരെ ചെലവു തുക 7,61,730 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.20/11-2-19 പ്രകാരം ഇക്കാര്യം ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭിച്ചിട്ടില്ല.)

## 3-4 കരാർ കാലാവധിയിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചില മരാമത്ത് പ്രവൃത്തികൾ കരാറുകാർ നിശ്ചിത സമയ പരിധിക്കകം പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയ പരിധി ദീർഘിപ്പിച്ച് നൽകിയതിന്റെ വിവരങ്ങളും ഫയലിൽ ലഭ്യമല്ല .മേൽ പ്രവൃത്തികളിലൊന്നും തന്നെ കരാറുകാർ പ്രവൃത്തി പൂർത്തീകരിക്കാത്തതിന് എന്തെങ്കിലും കാരണം വ്യക്തമാക്കുകയോ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് അപേക്ഷിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചാൽ ഈടാക്കേണ്ട, 2012 ലെ പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2112.1 പ്രകാരമുള്ള പിഴ ഈടാക്കാതെയാണ് കരാറുകാർക്ക് തുക നൽകിയിട്ടുള്ളത്. നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തി വൈകുന്ന ആദ്യത്തെ മൂന്ന് മാസത്തിന് 1% നിരക്കിലും തുടർന്ന് വൈകുന്ന ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കുന്നതാണ് എന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും പൂർത്തീകരണം വൈകിയ പ്രവൃത്തികൾക്ക് പിഴ ഈടാക്കിയിട്ടില്ല. പൊതു മരാമത്ത് മാന്വൽ (ജി.ഒ (പി)13/2012 /PWD/1.2.2012) പ്രകാരം പൂർത്തീകരണ കാലാവധിയുടെ പരമാവധി 50% ദിവസം മാത്രമാണ് കരാറുകാർക്ക് ദീർഘിപ്പിച്ച് നൽകാനാവുക. അതിന് ശേഷമുള്ള പ്രവൃത്തികളെല്ലാം അനധികൃതമായാണ് കണക്കാക്കുക. ഇക്കാര്യങ്ങളൊന്നും പരിശോധിക്കാതെ കരാറുകാർക്ക് പ്രവൃത്തിയുടെ ബിൽ നൽകിയത് ക്രമപ്രകാരമല്ല. കരാർ രജിസ്റ്ററിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതും, സൈറ്റ് കൈമാറുന്ന രേഖയിലും കരാറിലുമൊന്നും ഇക്കാര്യം വ്യക്തമാക്കാത്തതും തിയ്യതി രേഖപ്പെടുത്താത്തതും സാങ്കേതികോദ്യോഗസ്ഥന്റെ ഇക്കാര്യത്തിലെ അലംഭാവം വ്യക്തമാക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പ്രവൃത്തി വിവരം | പൂർത്തീകരിക്കേണ്ട തിയ്യതി | പൂർത്തീകരിച്ച തിയ്യതി |
|---|---|---|
| പ്രൊജക്ട് നം. 87/18 : മുടക്കയിൽപടി | 27-7-17 | 17-1-18 |

| | | |
|---|---|---|
| നടുക്കര റോഡ് റീടാറിംഗ് | | |
| പ്രൊജക്ട് നം. 88/18 : സലാമത്ത് നഗർ കരോൾക്കണ്ടി റോഡ് ടാറിംഗ് | 27-5-17 | 10-1-18 |

ഓഡിറ്റ് എൻക്വയറി നം.9/7-2-19 പ്രകാരം അപാകത പരിഹാര നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭിച്ചിട്ടില്ല. അർഹമായ പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 പ്രവൃത്തി അധികം അളവു കാണിച്ച് തുക നൽകി.

| |
|---|
| പ്രൊജക്ട് നം. 63/18 : വലക്കണ്ടി യൂണിവേഴ്സിറ്റി റോഡ് റീടാറിംഗ് |
| ബിൽ നം.(ഇല്ല) തിയ്യതി. 15-3-18. Rs: 2,48,652 |
| അളവു പുസ്തകം നം. 177/17-18 (25 Pages) (സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഫോട്ടോസ്റ്റാറ്റ് കോപ്പി ഓഡിറ്റ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്) |
| കരാർ നം. 33/17-18/ 9-11-17 |

താഴെപ്പറയുന്ന 4 ഇനങ്ങളാണ് ഈ പ്രവൃത്തിയിലുള്ളത്.

| ഇനം | വിവരണം | ഐറ്റം കോഡ് | കരാർ നിരക്ക് | അനുവദിച്ച അളവ് | അനുവദിച്ച തുക | MB page no. |
|---|---|---|---|---|---|---|
| 1 | Modified penetration macadam | 5.5.B.2a | 331.43/m2 | 226.5 | 75,068.895 | 1-14 |
| 2 | Tack coat | 5.2.1a | 9.70/m2 | 759 | 7362.30 | 15-16 |
| 3 | Chipping carpet | 5.9.1.2a | 157/m2 | 759 | 119163 | 17-20 |
| 4 | Seal coat | 5.12.A.3.2a | 62/m2 | 759 | 47058 | 21-22 |
| | | | | Total | 2,48,652.20 | |

(Page 23 : Adequecy of Bitumen, Page 24-25 : CC Ist & Fianal Bill)

എന്നാൽ ഇനം 2,3,4 എന്നിവ അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയത് ഇപ്രകാരമാണ്.

| No | Length | Breadth | Contents of area |
|---|---|---|---|
| 1 | 5 | (9.2+4)/2 | 33.00 |
| 1 | 10 | (4+4.1)/2 | 40.50 |
| 1 | 15 | (4.1+3.9)/2 | 60.00 |
| 1 | 15 | (3.9+3.8)/2 | 57.75 |
| 1 | 15 | (3.8+3.9)/2 | 57.75 |
| 1 | 15 | (3.9+4)/2 | 59.25 |
| 1 | 15 | (4+3.9)/2 | 59.25 |
| 1 | 15 | (3.9+4)/2 | 59.25 |
| 8 | 105 | | 426.75 |

ആകെ അളവ് 426.75 എന്നതിനു പകരം 759.45m2 Rounded 759m2 എന്ന് തെറ്റായി കണക്ക് കൂട്ടിയതിനാൽ ഇനം 2,3,4 എന്നിവയിൽ 332.25m2 (759-426.75) വീതം അധികം അനുവദിച്ചിട്ടുണ്ട്. ഇതു മൂലം താഴെപ്പറയുന്ന ക്രമത്തിൽ അധികം തുക നൽകിയിരിക്കുന്നു.

| ഇനം | നിരക്ക് | തുക |
|---|---|---|
| 2 | 9.70/m2 | 3,222.83 |
| 3 | 157/m2 | 52,163.25 |
| 4 | 62/m2 | 20,599.50 |
| | Total | 75,985.58 |

ഓഡിറ്റ് എൻക്വയറി നം.10/7-2-19 പ്രകാരം അപാകത പരിഹാര നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ 75,986 രൂപ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി.എൽ. ദീപ്തിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-6 പദ്ധതി പൂർത്തിയാക്കാതെ, ചെയ്ത പ്രവൃത്തിയുടെ തുക നൽകി അവസാനിപ്പിച്ചു.

| |
|---|
| പ്രൊജക്റ്റ് നം. 93/18 : ചെമ്പാഴിമാട് പട്ടികജാതി കോളനി കിണർ റിപ്പയർ (Spill Over) |
| ബിൽ നം.(ഇല്ല) തിയ്യതി. 28-3-18. Rs: 37,924 ($2^{nd}$ & Final Bill) |
| അളവു പുസ്തകം നം. 106/16-17 (50 Pages) |
| കരാർ നം. 43/16-17/6-3-17 |

2016-17 വർഷത്തിൽ പ്രൊജക്ട് നം. 85/17 ആയി നടപ്പാക്കിയ ഈ ഏകവർഷ പ്രൊജക്ടിന്റെ ആകെ അടങ്കൽ 2,00,000 രൂപയാണ്. പ്രൊജക്ട് രൂപീകരണ ഫോറം, എസ്റ്റിമേറ്റ് എന്നിവ പ്രകാരം നിലവിലുള്ള കിണർ റിപ്പയർ ചെയ്യലും പമ്പ് ഹൗസ് നിർമാണവും ടാങ്ക് സ്ഥാപിക്കലും വൈദ്യുതി ലഭ്യമാക്കലും മോട്ടോർ സ്ഥാപിക്കലും അടങ്ങിയതാണ് ഈ പ്രൊജക്ട്. എന്നാൽ ടെണ്ടർ ചെയ്തത് വൈദ്യുതി ലഭ്യമാക്കലും മോട്ടോർ സ്ഥാപിക്കലും ഒഴികെയുള്ള പാർട് 1 മാത്രമാണ്. പ്രസ്തുത പ്രവൃത്തിയ്ക്കായി 1,73,931 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ ഇപ്പോഴും വൈദ്യുതി ലഭ്യമാക്കുകയോ മോട്ടോർ സ്ഥാപിക്കുകയോ ചെയ്തിട്ടില്ലെന്നാണ് ഇപ്പോഴുള്ള ഓവർസിയർമാർ അന്വേഷിച്ച് അറിയിച്ചത്. പ്രൊജക്ടിന്റെ പ്രയോജനം ലഭിയ്ക്കണമെങ്കിൽ അത്യാവശ്യമായ ഈ പ്രവൃത്തികൾ ചെയ്യാൻ നിർവഹണ ഉദ്യോഗസ്ഥൻ, ഭരണ സമിതി എന്നിവർ കൈക്കൊണ്ട യാതൊരു പരിശ്രമ വിവരവും ഫയലിൽ ഇല്ല. പാർട് ബിൽ പ്രകാരമുള്ള റീടെൻഷൻ തുക 13,601 രൂപ അനുവദിച്ച് നൽകാൻ 20-4-18ന് അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിയ്ക്ക് കത്ത് നൽകുമ്പോഴും, പ്രൊജക്ട് പ്രയോജനപ്രദമായി എന്ന ഉറപ്പ് വരുത്താൻ യാതൊരു ശ്രമവും നടത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.11/7-2-19 പ്രകാരം ഇക്കാര്യം പരിഹാര നടപടികൾക്കായി ശ്രദ്ധയിൽ പെടുത്തിയതിന് മറുപടി ലഭിച്ചിട്ടില്ലാത്തതിനാൽ, പദ്ധതി പ്രയോജനപ്രദമാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുന്നതു വരെ ,ചെലവ് തുകയായ 37,924 രൂപ തടസ്സം ചെയ്യുന്നു.

## 3-7 മുൻകൂർ നല്കിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല.

പ്രൊ. നം.46/18 : പാലിയേറ്റീവ് പരിചരണം

| ബിൽ നം. | തുക | ലഭിച്ചത് | ബാക്കി |
|---|---|---|---|
| നം.2/17-18/24-3-18 | 3,00,000 | 1,82,326 | 1,17,674 |

മെഡിക്കൽ ഓഫീസർ, (പി. എച്ച്. സി) നടപ്പാക്കിയ ഈ പ്രൊജക്ട് വഴി മരുന്നുകൾ വാങ്ങുന്നതിനായി KMSC Ltd-ന് 3,00,000രൂപ മുൻകൂർ നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) മരുന്നുകൾ ലഭിക്കുന്നതിനു മുമ്പേ, പ്രൊഫോർമാ ഇൻവോയ്സിൽത്തന്നെ സ്റ്റോക്ക് രേഖപ്പെടുത്തിയതായി കാണുന്നു. എന്നാൽ 8 ഇൻവോയ്സുകളിലൂടെ (അവസാന ഇൻവോയ്സ് നം. 14886/26-12-18 Rs. 20,875) ഗഡുക്കളായി ലഭിച്ച മരുന്നുകൾ സ്റ്റോക്കിലെടുത്തതായി ഇൻവോയ്സുകളിൽ സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴി മരുന്നുകൾ വാങ്ങുന്നതിന് മുൻകൂർ നൽകാൻ അനുവാദം നൽകുന്ന സർക്കാർ ഉത്തരവ് മനസ്സിലാക്കാതെ, ട്രഷറിയിൽ വ്യാജമായ സാക്ഷ്യപത്രം നല്കിയ നടപടി ക്രമത്തിലല്ല.

2) GO(MS) No.80/2017/LSGD/3-4-17 പ്രകാരമുള്ള 2017-18ലെ സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 12.4-ൽ മരുന്നുകൾ വാങ്ങുന്നതു സംബന്ധിച്ച്, ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കുന്ന മരുന്നുകളുടെ അപര്യാപ്തതയുണ്ടെങ്കിൽ മാത്രം വാങ്ങാനാണ്, അനുമതി നല്കിയിട്ടുള്ളത്. ഇപ്രകാരം മുൻകൂർ തുക നല്കിയിട്ടും 2 മാസത്തിനകം മരുന്നുകൾ ലഭിച്ചിട്ടില്ലെങ്കിൽ, HMC- യുടെ ശുപാർശ പ്രകാരം കാരുണ്യ/നീതി/ജൻ ഔഷധിയിൽ നിന്ന് നേരിട്ട് വാങ്ങാമെന്നും പറഞ്ഞിട്ടുണ്ട്. ഇത്തരം നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

3) മരുന്നുകൾ ഗഡുക്കളായിട്ടാകും ലഭിക്കുകയെന്നതിനാൽ, ആകെ നല്കിയ മുൻകൂർ, ഇൻവോയ്സ് പ്രകാരം ക്രമീകരിച്ചത്, ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക എന്നീ വിവരങ്ങൾ ഇൻവോയ്സുകളുടെ

ഓഫീസ് കോപ്പിയിൽ രേഖപ്പെടുത്തി നിരീക്ഷിക്കേണ്ടതായിരുന്നു. എന്നാൽ ഇത്തരം രേഖപ്പെടുത്തലുകൾ ഇൻവോയ്സിൽ വരുത്തിയിട്ടില്ല. കൂടാതെ, ഇൻവോയ്സുകളുടെ രണ്ട് കോപ്പിയും ഒന്നിച്ച് കെട്ടിവച്ചിരിക്കുകയാണ്. ഫാർമസിസ്റ്റിന്റെ കോപ്പിയും ഓഫീസ് കോപ്പിയും വ്യത്യസ്തമായി സൂക്ഷിക്കേണ്ടതാണ്.

പഞ്ചായത്തിനു നൽകുന്ന പ്രതിമാസ വിനിയോഗ സാക്ഷ്യപത്രത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

4) ഏതു വർഷത്തെ പ്രോജക്ട് പ്രകാരമുള്ള മരുന്നുകളാണ് ലഭിച്ചതെന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ല. 2016-17 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം 2,23,380 രൂപയുടെ മരുന്നുകൾ കിട്ടാൻ ബാക്കിയുണ്ട്. ഇവ ഇനിയും ലഭ്യമായിട്ടില്ലെന്നാണ് റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. കൂടാതെ 2018-19 വർഷവും മരുന്നു വാങ്ങൽ പ്രോജക്ട് ഉണ്ട്. അതിനാൽ ഇത്തരം കണക്കുകൾ കൃത്യമായി നിരീക്ഷിക്കേണ്ട ചുമതല ഫാർമസിസ്റ്റിനും ക്ലാർക്കിനും മെഡിക്കൽ ഓഫീസർക്കുമുള്ളതാണ്. അപാകത ഏതു തലത്തിലാണ് സംഭവിച്ചതെന്ന് വിശദീകരിക്കേണ്ടതാണ്.

5) മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ, ഇൻവോയ്സ് പ്രകാരം ലഭിച്ചവ അതേ അളവിൽത്തന്നെ Issued to OP എന്നു രേഖപ്പെടുത്തിയിരിക്കുന്നതായും, ചിലത് തീരെ ഇഷ്യൂ രേഖപ്പെടുത്താതെയും കാണുന്നു. പാലിയേറ്റീവ് ഓ.പി. രജിസ്റ്റർ പരിശോധിച്ചതിൽ, ഇവയിൽ പലതും ഇഷ്യൂ ചെയ്തിട്ടുമുണ്ട്. ഫാർമസിസ്റ്റിനോട് ഇക്കാര്യം അന്വേഷിച്ചപ്പോൾ, ചെറിയ വിലയിലുള്ള മരുന്നുകളായതിനാലാണ് ഇങ്ങനെ മൊത്തം ഇഷ്യൂ കാണിക്കുന്നതെന്നാണ് മറുപടി പറഞ്ഞത്. മരുന്നുകൾ ഉൾപ്പെടെ ഏതു സ്റ്റോറും ഏതു സ്രോതസ്സിൽ നിന്ന് (സൗജന്യം ഉൾപ്പെടെ) ലഭിച്ചാലും ആയത് സ്ഥാപനത്തിന്റെ മെയിൻ സ്റ്റോക്കിലെടുക്കുകയും, പ്രത്യേക ആവശ്യത്തിനുള്ളവ അതാതിന്റെ സബ്സീഡിയറി സ്റ്റോക്കിലേക്ക് ഇൻഡന്റ് പ്രകാരം, ആവശ്യാനുസരണം നൽകുകയുമാണ് സർക്കാർ വകുപ്പുകൾ ചെയ്യേണ്ടത്. സ്റ്റോക്ക് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

അവശേഷിക്കുന്ന മരുന്നുകൾ ലഭിച്ച വിവരം ഓഡിറ്റിനെ അറിയിക്കുന്നതു വരെ 1,17,674 രൂപയുടെ ചെലവു തടസ്സം ചെയ്യുന്നു.
( അപാകതകൾ തുടർന്ന് പരിഹരിക്കുന്നതാണെന്ന് ക്ലാർക്ക് മറുപടി സമർപ്പിച്ചിട്ടുണ്ട്. ഇത്തരം അപാകതകൾ സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശമുള്ളതിനാൽ, തുടർ വർഷങ്ങളിൽ നിരീക്ഷണ വിധേയമായമാക്കുന്നതാണ്.)

## 3-8 കമ്പ്യൂട്ടർ വാങ്ങി ഒരുവർഷത്തിലധികം ഇഷ്യൂ ചെയ്യാതെ പെട്ടിയിൽ സൂക്ഷിച്ചു.

| | |
|---|---|
| പ്രൊ. നം.91/18 | പി.എച്ച്.സി. സബ്സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും. |
| ബിൽ നം. | നം.1/17-18/22-1-18 : Rs. 1,98,800 |
| ഇൻവോയ്സ് നം. | AM0043/5-1-18 of Amster Business Corporation, Kondotty. |

പി.എച്ച്.സി. സബ്സെന്ററുകൾക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങാനാണ് ഈ പ്രോജക്ട് നടപ്പാക്കിയത്. ഇതു പ്രകാരം, 4 വീതം Desktop, Keyboard, Mouse, UPS എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ Local Purchase Vol. III, Page No.191- ൽ സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഓഡിറ്റിൽ ചൂണ്ടിക്കാട്ടുന്നതു വരെ ഇവയിൽ 3 എണ്ണം മാത്രമാണ് വിതരണം ചെയ്തതിരുന്നത്. ക്ലമണ്ണ, ചാത്രത്തൊടി, ഒളകര എന്നീ സബ്സെന്ററുകൾക്ക് വിതരണം ചെയ്തതായി സ്റ്റോക്ക് രജിസ്റ്ററിൽ കാണിച്ചിട്ടുണ്ടെങ്കിലും, അവയുടെ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ ഇല്ല. അവശേഷിക്കുന്നത് ഇപ്പോൾ വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ അതാതു സ്ഥാപനങ്ങളുടെ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
ആയതു ഹാജരാക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 212500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 30/17-18 | 212500 | 0 |
| 2 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 35000 | പച്ചക്കറിക്ക് കൂലിച്ചെലവ് സബ്സിഡി, 40/17-18 | 35000 | 0 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് പരിചരണം, 46/17-18 | 0 | 200000 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, 158/17-18 | 99950 | 50 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 50000 | തുല്യതാ പരീക്ഷ – പഠിതാക്കൾക്ക് ഫീസ് അടവാക്കൽ, 10/17-18 | 50000 | 0 |
| 6 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെലൽുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 12/17-18 | 139000 | 61000 |
| 7 | ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1000000 | സ്കൂളുകളിൽ സാനിറ്റേഷൻ സൗകര്യം ഏർപ്പെടുത്തൽ, 91/17-18 | 0 | 1000000 |
| 8 | ജില്ലാ പഞ്ചായത്ത് | 2017-18 | 212500 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി, 30/17-18 | 212500 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 9 | ജില്ലാ പഞ്ചായത്ത് | 2017-18 | 139000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, 12/17-18 | 139000 | 0 |
| 10 | ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | 14-ാം വാർഡിലെ പൂവത്തംമാട് അംഗനവാടി കെട്ടിട നിർമ്മാണം, 166/17-18 | 0 | 500000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | 76314628 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65008769 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 75,986 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,60,606 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 75,986 | ശ്രീമതി. എൽ. ദീപ്തി, അസി. എഞ്ചിനിയർ. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,93,270 | ശ്രീ. ശിവൻകുട്ടി , സെക്രട്ടറി |
| 3-2 | 1,50,000 | ശ്രീ. ഉണ്ണികൃഷ്ണൻ , ഹെഡ് മാസ്റ്റർ |
| 3-3 | 7,61,738 | ശ്രീമതി. എൽ. ദീപ്തി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-6 | 37,924 | ശ്രീമതി. എൽ. ദീപ്തി, അസിസ്റ്റന്റ് എഞ്ചിനിയർ |
| 3-7 | 1,17,674 | ഡോ. ദിവ്യ ഉണ്ണികൃഷ്ണൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 14,60,606 | |

സ) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ദീപ്തി. എൽ | അസി. എഞ്ചിനീയർ, കൊടുമൺ ഗ്രാമപഞ്ചായത്ത്, | വട്ടക്കുന്നിൽ ഹൗസ്, മന്നം നഗർ പി. ഒ, പെരുംപുളിക്കൽ, പന്തളം, |

| | | |
|---|---|---|
| | പത്തനംതിട്ട ജില്ല | പത്തനംതിട്ട, 689501 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 01-02 -DCB | എൽ.എഫ്.എം 17/92/2008/9-12-08 | 2 |
| 01-02-Exp | എൽ.എഫ്.എം 11/1538/2006/22-2-07 | 7 |
| 02-03DCB | എൽ.എഫ്.എം 11/93/08/10-12-08 | 1 |
| 02-03-Exp | എൽ.എഫ്.എം 11/1538/(4)06/20-3-07 | 9 |
| 03-04 | എൽ.എഫ്.എം 11/94/2008/6-2-09 | 9 |
| 04-05 | എൽ.എഫ്.എം 11//21/09/1-4=09 | 8 |
| 05-06 | എൽ.എഫ്.എം 17/775/09/1-4-09 | 14 |
| 06-07 | എൽ.എഫ്.എം 17/776/09/14-9-09 | 10 |
| 07-08 | എൽ.എഫ്.എം 17/1100/09/15-10-09 | 14 |
| 08-09 | എൽ.എഫ്.എം 15/1167/2011/8-7-11 | 5 |
| 09-10 | എൽ.എഫ്.എം 15/2241/11/30-1-12 | 12 |
| 10-11 | എൽ.എഫ്.എം 15/1751/13/21-10-13 | 9 |
| 11-12-12-13 | എൽ.എഫ്.എം 15/590/15/27-4-15 | 16 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/1411/16 | 11 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തി 07.12.2016 | 17 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീ. 01.08.2018 | 13 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.എം.പി.എം.15/1729/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
ഇ-മെയിൽ: dompm.ksad@kerala.gov.in
പിൻ- 676 505 ഫോൺ: 0483-2734951
തീയ്യതി 05/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215(6) വകുപ്പ്, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്